## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4388 — 22.07.2015-ൽ മറുപടിയ്ക്ക്

### പ്രവാസികൾക്ക് വോട്ടവകാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ; | എ) | പ്രവാസി കേരളീയർക്ക് തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകുന്നതിലേക്കായി 1950 ലെ ജനപ്രാതിനിധ്യ നിയമത്തിലെ 21(എ) വകുപ്പിലെ വ്യവസ്ഥകൾ ആധാരമാക്കി കേരളാ പഞ്ചായത്ത് രാജ് കേരളാ മുനിസിപ്പൽ നിയമങ്ങളിലെ സമാനമായ വകുപ്പുകൾക്ക് ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത നിയമഭേദഗതിക്കനുസൃതമായി കേരളാ പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തുകളിലെ വോട്ടർ പട്ടികയിൽ പ്രവാസികളുടെ പേര് ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേരളാ മുൻസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന നടപടി അന്തിമഘട്ടത്തിലാണ്. |
| ബി) | ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികൾക്കുകൂടി വോട്ടവകാശം നല്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; | ബി) | മറ്റു സംസ്ഥാനങ്ങളിലുള്ള മലയാളികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല. |

| | | | |
|---|---|---|---|
| സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | നടപടി അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ